# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ -262 08.02.2016 ൽ മറുപടിയ്ക്ക്

## അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ സംബന്ധിച്ച് നിലവിലുള്ള കേസ്സന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ച് CID OCW-I പത്തനംതിട്ട സബ് യൂണിറ്റ് ഡി.വൈ.എസ്.പി അന്വേഷിച്ച് വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ അഗ്നിബാധ സംബന്ധിച്ച് വ്യക്തമായ സൂചനകളോ, തെളിവുകളോ ലഭിച്ചിട്ടില്ല. |
| (ബി) അനുബന്ധ അന്വേഷണത്തിന്റെ ഭാഗമായുള്ള ശാസ്ത്രീയ പരിശോധന സംബന്ധിച്ച് നിലനിൽക്കുന്ന കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ; | (ബി) ടി ക്ഷേത്രത്തിന്റെ താഴികക്കുടം ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്കായി 13.04.2015-ൽ അയയ്ക്കുകയും കേസിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമം മറികടന്ന് പരിശോധന നടത്തി അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബ് ഡയറക്ടർക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കേസന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (സി) ഫോറൻസിക് ലാബിൽ നിന്നും പരിശോധനാ ഫലം ലഭിച്ചാലുടൻ തുടരന്വേഷണം നടത്തി താമസംവിനാ അന്വേഷണം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ